**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **01-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തന അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്താറുണ്ട് .കൂടാതെ വകുപ്പ് അധ്യക്ഷ തലത്തിൽ എല്ലാ ബോർഡുകളിൽ നിന്നും ആനുകൂല്യ വിതരണം സംബന്ധിച്ച പ്രതിമാസ കാര്യക്ഷമതാ റിപ്പോർട്ട് ലഭ്യമാക്കി ബോർഡുകളിൽ നിന്നും അംഗങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ആനുകൂല്യ ഇനങ്ങളിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര അപേക്ഷകൾ തീർപ്പാക്കി എന്നും പെന്റിംങ് അപേക്ഷകളുടെ വിവരവും പരിശോധന വിധേയമാക്കുന്നുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി പേരുടെ പെൻഷൻ അടക്കം മുടങ്ങുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ മാത്രമാണ് പെൻഷൻ കുടിശ്ശികയായിട്ടുള്ളത്. കടുത്ത **സെക്ഷൻ ഓഫീസർ**സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കെട്ടിട നിർമ്മാണക്ഷേമ ബോർഡിൽ നിന്നും നിലവിൽ 2023 ജനുവരി മാസം വരെയാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യതയനുസരിച്ച് ടി പെൻഷൻ വിതരണം പുനരാരംഭിക്കുന്നതാണ്.<br><br>മറ്റു ക്ഷേമനിധി പെൻഷൻ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ മാത്രമാണ് പെൻഷൻ കുടിശ്ശികയായിട്ടുള്ളത്. കടുത്ത **സെക്ഷൻ** |

| | | | |
|---|---|---|---|
| | | | **ഓഫീസർ**സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കെട്ടിട നിർമ്മാണക്ഷേമ ബോർഡിൽ നിന്നും നിലവിൽ 2023 ജനുവരി മാസം വരെയാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യതയനുസരിച്ച് ടി പെൻഷൻ വിതരണം പുനരാരംഭിക്കുന്നതാണ്.<br><br>മറ്റു ക്ഷേമനിധി പെൻഷൻ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ